ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 15.06.2025

പ്രധാന വാർത്തകൾ

TIME:12.50PM

1. ത്രിരാഷ്ട്ര യൂറോപ്യൻ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി യാത്ര തിരിച്ചു. വ്യാപാരം, നിക്ഷേപം, സുരക്ഷ, സാങ്കേതികവിദ്യ എന്നീ മേഖലകളിലെ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാൻ സന്ദർശനം അവസരമൊരുക്കുമെന്ന് പ്രധാനമന്ത്രി.

**Prime Minister Narendra Modi leaves for a three-nation European visit. The Prime Minister said that the visit will provide an opportunity to strengthen ties in the areas of trade, investment, security and technology.**

2. അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ചവരെ തിരിച്ചറിയുന്നതിനായുള്ള ഡിഎൻഎ താരതമ്യം ചെയ്യൽ പുരോഗമിക്കുന്നു.

**DNA comparison to identify those killed in the Ahmedabad plane crash is progressing.**

3. കേരളത്തിൽ ശക്തമായ മഴ തുടരുന്നു. അഞ്ച് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത.

**Heavy rain continues in Kerala. Red alert in five districts today.**

4. ഇസ്രായേൽ - ഇറാൻ സംഘർഷം രൂക്ഷം. ആക്രമണത്തിൽ അമേരിക്കയുടെ പങ്കാളിത്തമില്ലെന്ന് യുഎസ് പ്രസിഡന്റ് ട്രംപ്.

**Israel-Iran tensions intensify. US President Trump says there is no involvement of the US in the attack.**

5. ഉത്തരാഖണ്ഡിൽ ഹെലികോപ്റ്റർ തകർന്നുവീണ് ചാർ ധാം തീർഥാടകരുൾപ്പെടെ 7 പേർ മരിച്ചു.

**7 people, including Char Dham pilgrims, died in a helicopter crash in Uttarakhand.**

6. സൗത്ത് ഏഷ്യൻ ബോഡിബിൽഡിംഗ് ആൻഡ് ഫിസിക് സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ യാജിക് ഹില്ലാങിന് സ്വർണം.

**India's Yajik Hillang wins gold at the South Asian Bodybuilding and Physique Sports Championship.**

**&&&&&&&&&&&&&&&**

## HEADLINE-1

**REV. PM VISIT (INTRO)**

*പ്രധാനമന്ത്രി നരേന്ദ്ര മോദി സൈപ്രസ്, കാനഡ, ക്രൊയേഷ്യ -ത്രിരാഷ്ട്ര സന്ദർശനത്തിനായി യാത്ര തിരിച്ചു. പര്യടനത്തിൻറെ ആദ്യപാദത്തിൽ അദ്ദേഹം ഇന്ന് സൈപ്രസ് സന്ദർശിക്കും. പ്രസിഡൻറ് നിക്കോസ് ക്രിസ്റ്റോ-ഡൗലിഡ്സിൻറെ ക്ഷണപ്രകാരം സൈപ്രസ് സന്ദർശിക്കുന്ന ശ്രീ നരേന്ദ്ര മോദി പ്രസിഡൻറുമായും ബിസിനസ്സ് നേതാക്കളുമായും കൂടിക്കാഴ്ച നടത്തും. തുടർന്ന്, ജി 7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി കാനഡയിലേക്ക് പോകും. ഉച്ചകോടിയിൽ, പ്രധാന ആഗോള വിഷയങ്ങളിൽ ശ്രീ മോദി കാഴ്ചപ്പാടുകൾ കൈമാറുകയും നിരവധി ഉഭയകക്ഷി സമ്മേളനങ്ങളിൽ പങ്കെടുക്കുകയും ചെയ്യും. G7-ൽ ശ്രീ മോദിയുടെ തുടർച്ചയായ ആറാമത്തെ പങ്കാളിത്തമാണിത്. പര്യടനത്തിൻറെ അവസാന പാദത്തിൽ, ഈമാസം 18 ന് പ്രധാനമന്ത്രി ക്രൊയേഷ്യയിലെത്തും. ഒരു ഇന്ത്യൻ പ്രധാനമന്ത്രിയുടെ പ്രഥമ ക്രൊയേഷ്യ സന്ദർശനം, ഇന്ത്യ-ക്രൊയേഷ്യ ബന്ധത്തിലെ സുപ്രധാന നാഴികക്കല്ലായി കണക്കാക്കപ്പെടുന്നു.*

***ഇന്ത്യയും സൈപ്രസും തമ്മിലുള്ള നയതന്ത്ര ബന്ധം കൂടുതൽ ശക്തിപ്പെടുത്താനും, വിവിധ മേഖലകളിൽ ഇരു രാജ്യങ്ങളുടെയും സഹകരണം മെച്ചപ്പെടുത്താനും പ്രധാന മന്ത്രിയുടെ സന്ദർശനം വഴിയൊരുക്കുമെന്ന് സൈപ്രസിലെ ഇന്ത്യൻ സ്ഥാനപതി ശ്രീ മനീഷ് പറഞ്ഞു.***

***(ഹോൾഡ് വോയ്സ്)***

**&&&&&&&&&&&&&&&**

**PM – DEPARTURE STATEMENT**

സൈപ്രസ് ഇന്ത്യയുടെ അടുത്ത സുഹൃത്തും, മെഡിറ്ററേനിയൻ മേഖലയിലും യൂറോപ്യൻ യൂണിയനിലും സുപ്രധാന പങ്കാളിയുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ത്രിരാഷ്ട്ര സന്ദർശനത്തിനു മുന്നോടിയായുള്ള പ്രസ്താവനയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. വ്യാപാരം, നിക്ഷേപം, സുരക്ഷ, സാങ്കേതികവിദ്യ എന്നീ മേഖലകളിലെ ചരിത്രപരമായ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിനൊപ്പം ജനങ്ങൾ തമ്മിലുള്ള വിനിമയം പ്രോത്സാഹിപ്പിക്കുന്നതിനും സന്ദർശനം അവസരമൊരുക്കുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. അതിർത്തി കടന്നുള്ള ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ പോരാട്ടത്തിൽ പങ്കാളിത്ത രാജ്യങ്ങൾ നൽകുന്ന ഉറച്ച പിന്തുണയ്ക്ക് നന്ദി അറിയിക്കുന്നതിനും ആഗോള ധാരണ വർദ്ധിപ്പിക്കുന്നതിനുമുള്ള അവസരം കൂടിയാണ് ത്രിരാഷ്ട്ര പര്യടനമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

**&&&&&&&&&&&&&&&**

# HEADLINE-5

**UTTARAKHAND – HELICOPTER CRASH**

ഉത്തരാഖണ്ഡിൽ ഹെലികോപ്റ്റർ തകർന്നുവീണ് യാത്രികരും പൈലറ്റുമടക്കം 7 പേർ മരിച്ചു. ഇന്ന് രാവിലെ ഗൗരികുണ്ഡിലാണ് അപകടം നടന്നത്. കേദാർനാഥിൽ നിന്ന് ചാർ ധാം തീർഥാടകരുമായി ഗുപ്തകാശിയിലേക്ക് പോവുകയായിരുന്നു ഹെലികോപ്റ്റർ. സാങ്കേതിക തകരാറുമൂലം ഹെലികോപ്റ്ററിന്റെ നിയന്ത്രണം നഷ്ടമായെന്നും പൈലറ്റ് ക്രാഷ്-ലാൻഡിംഗ് നടത്താൻ

ശ്രമിച്ചുവെന്നുമാണ് പ്രാഥമിക റിപ്പോർട്ട്. രക്ഷാപ്രവർത്തനത്തിനായി കേന്ദ്ര സംസ്ഥാന ദുരന്ത നിവാരണ സേനകൾ അപകടസ്ഥലത്ത് എത്തിയിട്ടുണ്ട്. ഹെലികോപ്ടർ പൂർണമായും കത്തിനശിച്ചുവെന്ന് എസ് ഡി ആർ എഫ് വ്യക്തമാക്കി. സംഭവം എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ അന്വേഷിക്കും. അപകടത്തിൽ ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി അഗാധമായ ദുഃഖം രേഖപ്പെടുത്തി.

&&&&&&&&&&&&&&

## HEADLINE-2

### AHMEDABAD PLANE CRASH

അഹമ്മദാബാദിലെ വിമാനാപകടത്തിൽ മരിച്ചവരെ തിരിച്ചറിയുന്നതിനായുള്ള ഡിഎൻഎ താരതമ്യം ചെയ്യൽ പ്രക്രിയ ഗുജറാത്തിൽ പുരോഗമിക്കുകയാണ്. ഇന്നലെ രാത്രി 9 മണി വരെ 19 ഡിഎൻഎ സാമ്പിളുകൾ തിരിച്ചറിഞ്ഞതായി ഗുജറാത്ത് ആഭ്യന്തര സഹമന്ത്രി ഹർഷ് സാങ്‌വി പറഞ്ഞു. കൂടുതൽ ഡിഎൻഎ സാമ്പിളുകൾ തിരിച്ചറിയുന്നതിനായി ഫോറൻസിക് സംഘങ്ങൾ രാത്രി മുഴുവൻ പ്രവർത്തിച്ചുവരികയാണ്. മരിച്ചവരുടെ കുടുംബങ്ങൾക്ക് ആവശ്യമായ സൗകര്യമൊരുക്കുന്നതിനായി സൗജന്യ ആംബുലൻസ് സേവനം ഉൾപ്പടെയുള്ള വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&

### JAISHANKAR-PARIS

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിന്റെ നാല് ദിവസത്തെ ഫ്രാൻസ് സന്ദർശനം പൂർത്തിയായി. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് ഫ്രാൻസ് നൽകിയ ശക്തമായ പിന്തുണയെ അദ്ദേഹം അഭിനന്ദിച്ചു. സന്ദർശന വേളയിൽ, പ്രസിഡന്റ് ഇമ്മാനുവൽ മാക്രോയുമായും പ്രധാനമന്ത്രി ജീൻ-നോയൽ ബാരറ്റുമായും ഡോ. ജയ്ശങ്കർ കൂടിക്കാഴ്ച നടത്തി. ഇന്തോ-പസഫിക് ഉൾപ്പെടെ നിരവധി പ്രാദേശിക, ആഗോള വിഷയങ്ങളെക്കുറിച്ച് ചർച്ച നടന്നു.

**&&&&&&&&&&&&&&&&**

**AXIOM-4**

ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ശുഭാൻഷു ശുക്ല ഉൾപ്പെട്ട ബഹിരാകാശ ദൗത്യം Axiom-4 ഈ മാസം 19 ന് നടക്കും. ദൗത്യം വൈകുന്നതിന് കാരണമായ സാങ്കേതിക തകരാറുകൾ പരിഹരിച്ചതിനെ തുടർന്നാണ് പ്രഖ്യാപനം. വിജയകരമായി പൂർത്തീകരിച്ചാൽ 1984 ൽ ബഹിരാകാശത്ത് എത്തിയ രാകേഷ് ശർമ്മയ്ക്ക് ശേഷം ഈ നേട്ടം കൈവരിക്കുന്ന ആദ്യ ഇന്ത്യൻ ബഹിരാകാശ സഞ്ചാരിയാകും ശുഭാൻഷു ശുക്ല. 14 ദിവസം നീളുന്നതാണ് ദൗത്യം. NASA, Space X, ISRO എന്നിവയുടെ സംയുക്ത ദൗത്യമാണ് Axiom-4.

**&&&&&&&&&&&&&&&&**

**AMIT SHAH - APPOINTMENT LETTERS**

ഉത്തർപ്രദേശ് പോലീസ് സേനയിൽ പുതുതായി ജോലി ലഭിച്ച 60,244 കോൺസ്റ്റബിൾമാർക്കുള്ള നിയമന ഉത്തരവുകൾ ലഖ്നൗവിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് വിതരണം ചെയ്യും. നിയമനം ലഭിക്കുന്നവരിൽ 12,048 പേർ വനിതകളാണ്. ഏതെങ്കിലും സുരക്ഷാ സേനയിൽ ഇത്രയും വനിതകൾക്ക് നിയമനം ലഭിക്കുന്നത് ഇതാദ്യമായാണ്. മുഖ്യമന്ത്രി യോഗി ആദിത്യനാഥും ചടങ്ങിൽ സംബന്ധിക്കും.

**&&&&&&&&&&&&&&&&**

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

**&&&&&&&&&&&&&&&&**

**GLOBAL WIND DAY – INDIA**

പരിസ്ഥിതി സൌഹൃദവും സുസ്ഥിരവുമായ വളർച്ച കൈവരിക്കുന്നതിൽ കാറ്റാടി ഊർജ്ജത്തിൻറെ പ്രാധാന്യം

പ്രചരിപ്പിക്കുന്നത് ലക്ഷ്യമിട്ട് ഇന്ന് ആഗോള കാറ്റാടി ദിനം ആചരിക്കുന്നു. ദിനാചരണത്തോടനുബന്ധിച്ച് പുനരുപയോഗ ഊർജ്ജ മന്ത്രാലയം ഇന്ന് ബെംഗളൂരുവിൽ പ്രത്യേക പരിപാടി സംഘടിപ്പിക്കും. കേന്ദ്രമന്ത്രിമാരായ പ്രൽഹാദ് ജോഷി, ശ്രീപദ് യെശോ നായിക് തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&

**YOGA CONNECT**

പതിനൊന്നാമത് അന്താരാഷ്ട്ര യോഗ ദിനാഘോഷങ്ങൾക്ക് മുന്നോടിയായി ന്യൂഡൽഹിയിൽ 'ഭൂമിക്കും ഏകാരോഗ്യത്തിനുമായി യോഗ' എന്ന വിഷയത്തിൽ ആഗോള ഉച്ചകോടി സംഘടിപ്പിച്ചു. കേന്ദ്ര ടൂറിസം മന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്തും ആയുഷ് സഹമന്ത്രി പ്രതാപ് റാവു ജാദവും ചേർന്ന് പരിപാടി ഉദ്ഘാടനം ചെയ്തു. യോഗ ഒരു ജീവിതശൈലിയായി സ്വീകരിക്കാനുള്ള ആഹ്വാനമാണ് ഇത്തരം പരിപാടികളിലൂടെ ലക്ഷ്യമിടുന്നതെന്ന് ഗജേന്ദ്ര സിംഗ് ശെഖാവത്ത് വ്യക്തമാക്കി.

&&&&&&&&&&&&&&

## HEADLINE-4

**IRAN ISRAEL WAR**

ഇസ്രായേൽ - ഇറാൻ സംഘർഷം രൂക്ഷമായി തുടരുന്നു. ഇസ്രായേൽ സൈന്യം ഇന്നലെ ടെഹ്റാനിലെ സൈനിക കേന്ദ്രങ്ങളിൽ ആക്രമണങ്ങൾ നടത്തി. ആക്രമണങ്ങൾ തുടർന്നേക്കുമെന്നും ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറണമെന്നും ഇറാനിലെ സാധാരണ ജനങ്ങൾക്ക് ഇസ്രായേൽ പ്രതിരോധ സേന മുന്നറിയിപ്പ് നൽകി. അതേസമയം ഇറാനെതിരായ ഇസ്രായേലിന്റെ ആക്രമണത്തിൽ അമേരിക്കയുടെ പങ്കാളിത്തമില്ലെന്ന് യുഎസ് പ്രസിഡന്റ് ട്രംപ് വ്യക്തമാക്കി. അമേരിക്കയെ ആക്രമിക്കാൻ ശ്രമിച്ചാൽ, മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത വിധത്തിൽ അമേരിക്കൻ സായുധ സേനയുടെ മുഴുവൻ ശക്തിയും ഇറാനെതിരെ പ്രയോഗിക്കുമെന്നും ട്രംപ് സോഷ്യൽ മീഡിയ പോസ്റ്റിൽ പറഞ്ഞു.

&&&&&&&&&&&&&&&

## HEADLINE-3

### RAIN KERALA

കേരളത്തിൽ അതിതീവ്ര മഴ സാധ്യത കണക്കിലെടുത്ത് അഞ്ച് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും ഓറഞ്ച് ജാഗ്രതയും നൽകിയിട്ടുണ്ട്. കേരളതീരത്ത് കടൽ ക്ഷോഭത്തിനും സാധ്യത. കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 18 വരെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&

### NILAMBUR (INTRO)

***കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന നിലമ്പൂർ മണ്ഡലത്തിൽ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ കമ്മീഷനിങ് പൂർത്തിയായി. പരസ്യപ്രചാരണം അവസാനിക്കാൻ രണ്ടു ദിവസം മാത്രം ശേഷിക്കെ സ്ഥാനാർത്ഥികളുടെ പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുകയാണ്.***

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു.....***

***( വോയിസ്.... )***

&&&&&&&&&&&&&&&

## HEADLINE-6

### YAJIK HILLANG GOLD

ഭൂട്ടാനിലെ തിംഫുവിൽ നടന്ന 15-ാമത് സൗത്ത് ഏഷ്യൻ ബോഡിബിൽഡിംഗ് ആൻഡ് ഫിസിക് സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ യാജിക് ഹില്ലാങിന് സ്വർണ്ണ മെഡൽ. 155 സെന്റിമീറ്റർ വനിതാ മോഡൽ ഫിസിക്ക് വിഭാഗത്തിലാണ് അരുണാചൽ

പ്രദേശിൽ നിന്നുള്ള യാജികിന്റെ സ്വർണനേട്ടം. 5 ദിവസത്തെ ചാമ്പ്യൻഷിപ്പ് ഇന്ന് സമാപിക്കും.

&&&&&&&&&&&&&&&

## DAY TENNIS- WTT SKOPJE

നോർത്ത് മാസിഡോണിയയിൽ നടക്കുന്ന WTTകണ്ടൻഡർ സ്കോപ്ജെ 2025 ടേബിൾ ടെന്നീസ് ടൂർണമെന്റിൽ ഇന്ത്യയുടെ മാനവ് തക്കറും മനുഷ് ഷായും പുരുഷ ഡബിൾസ് ഫൈനലിൽ പ്രവേശിച്ചു. സെമി ഫൈനലിൽ ദക്ഷിണ കൊറിയൻ സഖ്യത്തെയാണ് ഇന്ത്യൻ ജോഡി പരാജയപ്പെടുത്തിയത്.

&&&&&&&&&&&&&&&

## KENYA BUS ACCIDENT

കെനിയയിൽ ബസ് അപകടത്തിൽ മരിച്ച അഞ്ചു മലയാളികളുടെ മൃതദേഹം കൊച്ചി നെടുമ്പാശ്ശേരി വിമാനത്താവളത്തിലെത്തിച്ചു. മന്ത്രി പി. രാജീവിന്റെ നേതൃത്വത്തിൽ അന്തിമോപചാരം അർപ്പിച്ചു. സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് മൃതദേഹങ്ങൾ നോർക്ക റൂട്ട്സ് ഏറ്റുവാങ്ങി.

&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&&&&&